**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എം.വിജിൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അനുകൂലമായ ഭൂപ്രകൃതിയും ജലാശയങ്ങളുടെ ലഭ്യതയും പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ അനുകൂലമായ ഭൂപ്രകൃതിയും ജലാശയങ്ങളുടെ ലഭ്യതയും പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം നൂതന മത്സ്യകൃഷി, ബ്ലൂ റവല്യൂഷൻ പദ്ധതി, മത്സ്യസമൃദ്ധി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതുപ്രകാരം ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിലുൾപ്പെടുത്തി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 6990 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ ധനസഹായത്തോടെ 739.6 ലക്ഷം രൂപയുടെ ബ്ലൂറവല്യൂഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷിയുടെ വികസനത്തിനായി 7420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം, ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും അതുപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോ ഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ പരീക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ബയോ ഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇൻറൻസീവ് അക്വാകൾച്ചർ എന്നീ നൂതന സാങ്കേതിക വിദ്യകൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ ജനകീയ മത്സ്യകൃഷി ബ്ലൂ റെവല്യൂഷൻ PMMSY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി മത്സ്യകൃഷി രീതികളിൽ വൈവിധ്യവത്ക്കരണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി 2393ബയോഫ്ളോക്ക് യൂണിറ്റുകളും 4140 എണ്ണം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി യൂണിറ്റുകളും 586 RAS യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഇതിനുപുറമേ 200 RAS യൂണിറ്റുകളും 1850 ബയോഫ്ളോക്ക് യൂണിറ്റുകളും 2500 പടുതയിലെ മത്സ്യകൃഷി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഉൾനാടൻ മത്സ്യവിപണി ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പു സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

സംസ്ഥാനത്തെ അനുകൂലമായി ഭൂപ്രകൃതിയും ജലാശയങ്ങളുടെ ലഭ്യതയും പ്രയോജനപ്പെടുത്തി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമായി മുൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**2016-17**

- ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യക്കൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി 230 നൂതന മത്സ്യക്കൃഷി മാതൃക പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി 550 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**നൂതന മത്സ്യകൃഷി പ്രോത്സാഹനത്തിനായി നടപ്പാക്കിയ മാതൃകാ പ്രദർശന യൂണിറ്റുകൾ.**

| ക്രമ നം. | ഇനം | യൂണിറ്റ് ഏരിയ | യൂണിറ്റ് തുക ലക്ഷത്തിൽ | ഒരു യൂണിറ്റിന് നൽകുന്ന സബ്സിഡി തുക ലക്ഷത്തിൽ | ആകെ യൂണിറ്റ് | ആകെ സബ്സിഡി (ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| 1 | ഓരുജല മത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി | 1 ഹെക്ടർ | 4.30 | 2.15 (50%) | 40 | 86.00 |
| 2 | ഓരുജല മത്സ്യങ്ങളുടെ കൂടു കൃഷി | 36 ഘനമീറ്റർ | 3.70 | 1.85 (50%) | 40 | 74.00 |
| 3 | റിസർവോയറുകളിലെ കൂടുകൃഷി | 640 ഘനമീറ്റർ | 30 | 24 (80%) | 3 | 72.00 |
| 4 | അന്തരീക്ഷ വായു പ്രയോജനപ്പെടുത്തി വളരാൻ കഴിയുന്ന മത്സ്യങ്ങളുടെ കൃഷി | 0.3 ഹെക്ടർ | 4 | 2 (50%) | 20 | 40.00 |
| 5 | എസ്.പി.എഫ്. കാരചെമ്മീൻ കൃഷി | 1 ഹെക്ടർ | 4.24 | 2.12 (50%) | 25 | 53.00 |
| 6 | നാരൻ ചെമ്മീൻകൃഷി | 1 ഹെക്ടർ | 4 | 2 (50%) | 10 | 20.00 |
| 7 | പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്) | 40 ഘനമീറ്റർ | 4.70 | 2.35 (50%) | 40 | 94.00 |
| 8 | ഗിഫ്റ്റ് മത്സ്യങ്ങളുടെ കൃഷി | 0.2 ഹെക്ടർ | 3.70 | 1.85 (50%) | 40 | 74.00 |
| 9 | കല്ലുമ്മേക്കായ്/ കടൽ മുരിങ്ങ കൃഷി | | 2.50 | 2 (80%) | 2 യൂണിറ്റ് | 4.00 |
| 10 | ആറ്റ്കൊഞ്ച് കൃഷി | 0.4 ഹെക്ടർ | 2.40 | 1.20 (50%) | 10 യൂണിറ്റ് | 12.00 |

| | | | | | | |
|---|---|---|---|---|---|---|
| 11 | പ്രോജക്ട് കോ-ഓർഡിനേറ്റർ | | | | | 20.00 |
| 12 | ഡോക്യുമെന്റേഷൻ / റിപ്പോർട്ടിംഗ് | | | | | 1.00 |
| | ആകെ | | | | 230 | 550 ലക്ഷം |

- മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതമായി 13.50 കോടി രൂപയും RKVY വിഹിതമായി 4 കോടി രൂപയും ചെലവഴിച്ച് പ്രസ്തുത വർഷത്തിൽ താഴെ പറയുന്ന വിവിധ കൃഷി രീതികൾ നടപ്പിലാക്കി.

| ക്രമ നം. | ഘടക പദ്ധതികൾ | ടാർജറ്റ് | നേട്ടം |
|---|---|---|---|
| 1 | കുളങ്ങളിലെയും ടാങ്കുകളിലേയും ശുദ്ധജല മത്സ്യ/ ആറ്റുകൊഞ്ചുകൃഷി | 8000 ഹെക്ടർ | 8055.00 ഹെക്ടർ |
| 2 | പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റു കൊഞ്ചു കൃഷി | 4000 ഹെക്ടർ | 3969.67 ഹെക്ടർ |
| 3 | പൊക്കാളി/കൈപ്പാടു നില ങ്ങളിലെയും സ്വകാര്യ കുളങ്ങ ളിലെയും ചെമ്മീൻ കൃഷി | 3000 ഹെക്ടർ | 2047.23 ഹെക്ടർ |
| 4 | കല്ലുമ്മേക്കായ കൃഷി | 2500 യൂണിറ്റ് | 2415 യൂണിറ്റ് |
| 5 | ഞണ്ടു പരിപോഷണം/ഞണ്ടു കൃഷി | 100 യൂണിറ്റ് | 85 യൂണിറ്റ് |
| 6 | അടുക്കളക്കുളങ്ങൾ | 2000 യൂണിറ്റ് | 2000 യൂണിറ്റ് |
| 7 | കുളങ്ങളിലെ കരിമീൻ കൃഷി | 50 ഹെക്ടർ | 50.79 ഹെക്ടർ |
| 8 | കൂടുകളിലെ കരിമീൻ കൃഷി | 200 യൂണിറ്റ് | 153 യൂണിറ്റ് |
| 9 | മാതൃകാ കൂടുകൃഷി | 6 യൂണിറ്റ് | 5 യൂണിറ്റ് |
| 10 | മാതൃകാ മത്സ്യഫാമുകൾ | 20 ഹെക്ടർ | 16 ഹെക്ടർ |
| 11 | സംയോജിത മത്സ്യകൃഷി | 50 ഹെക്ടർ | 43.27 ഹെക്ടർ |
| 12 | പടുതാക്കുളങ്ങളിലെ മത്സ്യ കൃഷി | 100 യൂണിറ്റ് | 100 യൂണിറ്റ് |
| 13 | പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ | 5 ലക്ഷം / ജില്ല | 80 സൈറ്റുകളിലായി 116 ലക്ഷം വിവിധ ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. |

- പദ്ധതി നിർവഹണത്തിന്റെ ഫലമായി 28476 ടൺ മത്സ്യം മത്സ്യക്കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.
- നീലവിപ്ലവം പദ്ധതി പ്രകാരം മത്സ്യക്കൃഷി പദ്ധതികൾക്കായി 2500.6 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതികൾക്ക് അനുമതി ലഭിക്കുകയും പ്രസ്തുത പദ്ധതി പ്രകാരം മത്സ്യക്കൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുക, നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുക, ഓരുജലാശയങ്ങളിലെ കൂടുകൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം, എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

**2017-18**

- ഉൾനാടൻ മത്സ്യക്കൃഷി വികസനത്തിനായി 48.88 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇതിൽ വിവിധ ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി ആകെ 28.38 കോടി രൂപ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

➢ മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ 650 ഹെക്ടർ സ്ഥലത്ത് സ്ഥാപിക്കുന്നതിന് 975 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

➢ 6000 ഹെക്ടർ സ്ഥലത്ത് ശാസ്ത്രീയ മത്സ്യക്കൃഷി നടത്തുന്നതിന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് സൗജന്യമായി നൽകുന്നതിന് 315 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

➢ 2000 ഹെക്ടർ വിസ്തീർണ്ണമുള്ള ജലാശയങ്ങളിൽ ചെമ്മീൻ കൃഷി ശാസ്ത്രീയമായി നടത്തുന്നതിന് ആവശ്യമായ ഗുണമേന്മയുള്ള കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുന്നതിന് 400 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

➢ 3000 ഹെക്ടർ വിസ്തീർണമുള്ള പാടശേഖരങ്ങളിൽ ഒരുനെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുന്നതിന് 54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

- ബ്ലൂറവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2530 ലക്ഷം അടങ്കൽ തുകയുടെ കല്ലുമ്മേകായ കൃഷി, ഓരുജലങ്ങളിലെ കൂടുകൃഷി, പുനർപര്യയന മത്സ്യകൃഷി, പുനരുദ്ധരിച്ച വാട്ടർലോഗ് പ്രദേശത്ത് മത്സ്യകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി, മത്സ്യകൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ നവീകരിച്ചുള്ള കുളങ്ങളിലെ ചെമ്മീൻ കൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി, ചെമ്മീൻ കൃഷിക്കുള്ള കുളം നവീകരണം, കുളം നവീകരിച്ചുള്ള ഗിഫ്റ്റ് തിലാപ്പിയ കൃഷി, കുളം നവീകരിച്ചുള്ള ആസാംവാള കൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
- മത്സ്യകൃഷി പദ്ധതികളുടെ ഫലമായി 24,198 ടൺ മത്സ്യം അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

- ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കാർപ്പ്, ആറ്റുകൊഞ്ച്, ചെമ്മീൻ, കരിമീൻ, കണമ്പ്, മഹസീർ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ പൊതു ജലാശയങ്ങളിലും അഴി, പൊഴി തുടങ്ങിയവയിലും നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 253 ലക്ഷം രൂപയുടെ റാഞ്ചിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 144 ലക്ഷം ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളും 89 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളും 13 ലക്ഷം ഓരുജല മത്സ്യക്കുഞ്ഞുങ്ങളും നിക്ഷേപിച്ചു.

**2018-19**

- ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 4800 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ശാസ്ത്രീയ കാർപ്പ് കൃഷി, അന്തരീഷ വായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി, ഗിഫ്റ്റ് കൃഷി, റീസർക്കുലേറ്ററി സംവിധാനത്തിലെ മത്സ്യകൃഷി, ഒരു നെല്ലും ഒരു മീനും പദ്ധതി, ജല സംഭരണികളിലെ മത്സ്യകൃഷി, കാര/നാരൻ/വനാമി ചെമ്മീൻ കൃഷി, ഓരുജല മത്സ്യകൃഷി, ഓരുജല കൂടുകൃഷി, ഞണ്ടു കൃഷി, കല്ലുമ്മേക്കായ് കൃഷി, കരിമീൻ കൃഷി, സംയോജിത മത്സ്യകൃഷി, മത്സ്യവിത്ത് പരിപാലന പദ്ധതി എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം: | മത്സ്യകൃഷി രീതി | ടാർജറ്റ് (ഹെക്ടർ/ യൂണിറ്റ്) | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി | 1500 | 1695.00 |
| 2 | കുളങ്ങളിലെ ആസാംവാള കൃഷി | 10 | 189.00 |
| 3 | കുളങ്ങളിലെ ഗിഫ്റ്റ് കൃഷി | 10 | 194.00 |
| 4 | റിസർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനത്തിലെ ഗിഫ്റ്റ് കൃഷി | 10 | 63.20 |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 6500 | 520.00 |
| 6 | ജലസംഭരണികളിലെ മത്സ്യകൃഷി | 12130 | 285.20 |
| 7 | കാരചെമ്മീൻ കൃഷി | 10 | 89.00 |
| 8 | നാരൻ ചെമ്മീൻ കൃഷി | 5 | 11.60 |
| 9 | വന്നാമി ചെമ്മീൻ കൃഷി | 4 | 27.20 |
| 9 | ബഹുവർഗ്ഗ ഓരുജല മത്സ്യകൃഷി | 10 | 32.00 |
| 10 | ഓരുജല കൂട് മത്സ്യകൃഷി | 10 | 98.40 |
| 11 | ഞണ്ട് കൃഷി / ഞണ്ട് കൊഴുപ്പിക്കൽ | 1 | 3.80 |
| 12 | കല്ലുമ്മേക്കായ് കൃഷി | 10 | 40.60 |
| 13 | പടുതാകുളങ്ങളിലെ കരിമീൻ കൃഷി | 100 | 50.00 |
| 14 | പിന്നാമ്പുറ കുളങ്ങളിലെ കരിമീൻ കൃഷി | 10 | 26.00 |
| 15 | സംയോജിത മത്സ്യ-താറാവ്/കോഴി കൃഷി | 10 | 4.00 |

- ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജലാശയങ്ങളിലെ കൂടുകൃഷി, കല്ലുമ്മേക്കായ കൃഷി, റീ-സർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം, മത്സ്യക്കൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ എന്നീ പദ്ധതികൾക്ക് ആകെ 739.6 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുയും പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ മുഖേന 24,511 ടൺ മത്സ്യം ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

- പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും Fish stock enhancement എന്ന പദ്ധതിപ്രകാരം 295 ലക്ഷം രൂപയുടെ പൊതുജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി മുഖേന 259.70 ലക്ഷം മത്സ്യ/ ചെമ്മീൻ വിത്തുകൾ നിക്ഷേപിച്ചു.

**2019-20**

ജലകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജനകീയമത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നതിനായി 7420 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. നിലവിലുള്ള ജലസ്രോതസ്സുകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയും ഗുണമേന്മയുള്ള വിത്തുകൾ, ശാസ്ത്രീയ മത്സ്യകൃഷി രീതികൾ എന്നിവ അവലംബിച്ചും കൂടുതൽ പ്രദേശങ്ങളിലേക്ക് മത്സ്യകൃഷി വ്യാപിപ്പിച്ചും മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- കാർപ്പ് മത്സ്യകൃഷിയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ
- കുട്ടനാട്, കോൾ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി രീതി വഴി സുസ്ഥിര വികസനവും ഉല്പാദന വർദ്ധനവും ഉറപ്പുവരുത്തൽ
- കായലുകളിൽ കരിമീൻ, കാളാഞ്ചി തുടങ്ങിയ ഓരു ജല മത്സ്യങ്ങളുടെ കേജ് ഫാമിംഗ് വ്യാപിപ്പിക്കൽ
- ആസാംവാള, നൈൽ തിലാപ്പിയ, വരാൽ, നാടൻമുഷി എന്നീ മത്സ്യങ്ങളുടെ കൃഷി ശുദ്ധജല കുളങ്ങളിൽ വ്യാപിപ്പിക്കൽ
- പൂമീൻ, തിരുത, കരിമീൻ എന്നീ മത്സ്യങ്ങളുടെ കൃഷി ഓരുജലകുളങ്ങളിൽ വ്യാപിപ്പിക്കൽ
- റീസർക്കുലേറ്ററി അക്വാകൾച്ചർ രീതി വ്യാപിപ്പിക്കൽ(RAS)
- കക്ക, ചിപ്പി എന്നിവയുടെ കൃഷി നടപ്പാക്കൽ
- റിസർവോയറുകളിലെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കൽ

**ജനകീയ മത്സ്യകൃഷി വികസന പദ്ധതി - 2019-20**

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ശാസ്ത്രീയ കാർപ്പ് കൃഷി | 1825 ഹെക്ടർ | 4562.50 | 742.10 |
| 2 | പങ്കേഷ്യസ് കൃഷി | 212 ഹെക്ടർ | 3816.00 | 1303.10 |
| 3 | നൈൽതിലാപ്പിയ കൃഷി | 75 ഹെക്ടർ | 900.00 | 209.08 |
| 4 | റിസർക്കുലേറ്ററി അക്വാകൾച്ചർ | 387 യൂണിറ്റ് | 2322.00 | 263.12 |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 9453 ഹെക്ടർ | 1890.60 | 334.10 |

| | | | | |
|---|---|---|---|---|
| 6 | തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി | 62 ഹെക്ടർ | 669.60 | 163.04 |
| 7 | കാരചെമ്മീൻ കൃഷി | 195 ഹെക്ടർ | 1267.50 | 273.00 |
| 8 | ശാസ്ത്രീയ ഓരുജല മത്സ്യകൃഷി | 319 ഹെക്ടർ | 1276.00 | 418.00 |
| 9 | ഓരുജല കൂട് മത്സ്യകൃഷി | 1252 യൂണിറ്റ് | 3756.00 | 1230.24 |
| 10 | ഞണ്ട് കൃഷി | 13 ഹെക്ടർ | 123.50 | 53.00 |
| 11 | കല്ലുമ്മേക്കായ് കൃഷി | 3051 യൂണിറ്റ് | 457.65 | 77.94 |
| 12 | കൃത്രിമ കുളങ്ങളിലെ കൃഷി | 200 യൂണിറ്റ് | 240.00 | 96.00 |
| 13 | ശുദ്ധജല കൂട് മത്സ്യ കൃഷി | 254 യൂണിറ്റ് | 762.00 | 303.84 |
| 14 | കാർപ്പ് - വിശാലമത്സ്യകൃഷി | 1438 ഹെക്ടർ | 43.14 | 43.14 |
| 15 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 2059 ഹെക്ടർ | 617.70 | 247.08 |
| 16 | ഓർഗാനിക് ചെമ്മീൻകൃഷി | 86 ഹെക്ടർ | 98.90 | 39.56 |
| 17 | ഓരുജലത്തിലെ വിശാല മത്സ്യ കൃഷി | 943 ഹെക്ടർ | 282.90 | 113.16 |
| 18 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് | 480 യൂണിറ്റ് | 240.00 | 96.00 |
| 19 | കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ് | 65 ഹെക്ടർ | 377.00 | 150.80 |
| 20 | ഓരുജല മത്സ്യങ്ങളുടെ റിയറിംഗ് | 4 ഹെക്ടർ | 27.60 | 11.04 |
| 21 | അലങ്കാര/ഓരുജല മത്സ്യകുഞ്ഞുങ്ങളുടെ കൂടുകളിലെ പരിപാലനം | 39 യൂണിറ്റ് | 117.00 | 46.80 |
| ആകെ | | | 23847.59 | 6214.14 |

കൂടാതെ കർഷകർക്കുള്ള പരിശീലനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യ രോഗ നിയന്ത്രണം മുതലായവ ചെയ്യുന്നതിനായി 1205.86 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി 25087 ടൺ മത്സ്യം ഉല്പാദിപ്പിച്ചു.

- റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി പഴശ്ശി, ബാണാസുര സാഗർ, കാരാപ്പുഴ, മലമ്പുഴ, മംഗലം, മീൻകര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ, മാട്ടുപ്പെട്ടി, ഇടുക്കി, ഭൂതത്താൻകെട്ട്, തെന്മല എന്നീ റിസർവോയറുകളിലായി 162.74 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 210 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കാവുന്നതും ജലസംഭരണികളെ ആശ്രയിച്ച് ജീവിക്കുന്നവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുവാനും കഴിയുന്നതുമാണ്.

- പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് Fish stock enhancement എന്ന പദ്ധതിപ്രകാരം 295 ലക്ഷം രൂപയുടെ 300 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി.

- വേമ്പനാട് കായലിലെ മത്സ്യവിഭവ സംരക്ഷണത്തിനായി 248 ലക്ഷം രൂപയുടെ പദ്ധതിയും അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി 95 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ കരിമീൻ, പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ 25 മത്സ്യ സംരക്ഷണ മേഖലകളും കക്കകളുടെ സംരക്ഷണത്തിനായി 17 കക്കാ സംരക്ഷണ മേഖലകളും രൂപീക രിക്കാനും, മത്സ്യത്തിന്റെയും കൊഞ്ചിന്റെയും പ്രജനനം പ്രോത്സാഹിപ്പിക്കു ന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും കണ്ടൽകാടുകൾ വച്ചു പിടിപ്പിക്കുന്ന തിനും, പൂമീൻ, തിരുത, കരിമീൻ ഉൾപ്പെടെ 7 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപവും അനധികൃത മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോ ളിംഗ് ശക്തമാക്കുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ പരിശീലന പരിപാടി കൾ തുടങ്ങിയവ ആസൂത്രണം ചെയ്യുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

**2020-21**

- ജലകൃഷി വികസനത്തിനായി 61.15 കോടി രൂപ വകയിരുത്തിയിരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ നടപ്പിലാക്കി വരുന്നു.

**ജനകീയ മത്സ്യകൃഷി**

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | അടങ്കൽ തുക (ലക്ഷത്തിൽ) | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ശാസ്ത്രീയ കാർപ്പ് കൃഷി | 1335 ഹെക്ടർ | 6674.4 | 937.44 |
| 2 | പങ്കേഷ്യസ് കൃഷി | 178.8 ഹെക്ടർ | 2413.8 | 459.60 |
| 3 | നൈൽതിലാപ്പിയ കൃഷി | 95.08 ഹെക്ടർ | 1283.6 | 343.16 |
| 4 | റിസർക്കുലേറ്ററി അക്വാകൾച്ചർ | 282 യൂണിറ്റ് | 1410.00 | 169.60 |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 19166 ഹെക്ടർ | 3833.2 | 996.70 |
| 6 | തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി | 45.54 ഹെക്ടർ | 614.79 | 176.08 |
| 7 | ബയോഫ്ളോക്കിലെ ഗിഫ്റ്റ് കൃഷി | 40 ഹെക്ടർ | 180.00 | 72 |
| 8 | ശാസ്ത്രീയ ഓരുജല മത്സ്യകൃഷി | 279.6 ഹെക്ടർ | 2376.4 | 519.58 |
| 9 | ഓരുജല കൂട് മത്സ്യകൃഷി | 1050 യൂണിറ്റ് | 3675.00 | 472.50 |
| 10 | ഞണ്ട് കൃഷി | 18.9 ഹെക്ടർ | 160.65 | 42.90 |

| | | | | |
|---|---|---|---|---|
| 11 | കല്ലുമ്മേക്കായ് കൃഷി | 1600 യൂണിറ്റ് | 240.00 | 96.00 |
| 12 | വിശാല ചെമ്മീൻ കൃഷി | 1092 യൂണിറ്റ് | 327.6 | 131.04 |
| 13 | ശുദ്ധജല കൂട് മത്സ്യ കൃഷി | 508 യൂണിറ്റ് | 1625.6 | 397.40 |
| 14 | കാർപ്പ് - വിശാലമത്സ്യകൃഷി | 1536ഹെക്ടർ | 46.08 | 46.08 |
| 15 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 140 ഹെക്ടർ | 979.65 | 181.97 |
| 16 | ബയോഫ്ളോക്ക് വനാമി | 5 ഹെക്ടർ | 21 | 8.4 |
| 17 | ഓരുജലത്തിലെ വിശാല മത്സ്യ കൃഷി | 169 ഹെക്ടർ | 50.7 | 20.28 |
| 18 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് | 90 യൂണിറ്റ് | 225.00 | 90.00 |
| 19 | കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ് | 10 ഹെക്ടർ | 12.00 | 4.80 |
| 20 | ഓരുജല മത്സ്യങ്ങളുടെ റിയറിംഗ് | 5 ഹെക്ടർ | 17.5 | 7.00 |
| 21 | പിന്നാമ്പുറങ്ങളിലെ തദ്ദേശീയ മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് | 35 യൂണിറ്റ് | 70.00 | 90.00 |
| | ആകെ | | 26237 | 5200.53 |

കൂടാതെ കർഷകർക്കുള്ള പരിശീലനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യ രോഗ നിയന്ത്രണം, പ്രൊമോട്ടർമാരുടെയും, പ്രോജക്ട് കോ-ഓർഡിനേറ്റർമാർമാരുടെയും വേതനം മുതലായവ ചെയ്യുന്നതിനായി 914.47 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## സുഭിക്ഷ കേരളം

| ക്രമ നം: | മത്സ്യകൃഷി രീതി | ഭൗതിക ലക്ഷ്യം (ഹെക്ടർ/ യൂണിറ്റ്) | നേട്ടം (ഹെക്ടർ/ യൂണിറ്റ്) | സർക്കാർ ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി | 4346 യൂണിറ്റ് | 4140 | 2138.23 |
| 2 | ബയോഫ്ളോക്ക് മത്സ്യകൃഷി | 2057 യൂണിറ്റ് | 1987 | 1135.46 |
| 3 | കുളത്തിലെ കരിമീൻ കൃഷി | 256 യൂണിറ്റ് | 253 | 153.60 |
| 4 | കൂടിലെ മത്സ്യകൃഷി | 446 യൂണിറ്റ് | 410 | 624.4 |

- റിസർവ്വോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയ്ക്ക് 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പോത്തുണ്ടി, വാളയാർ, കക്കയം, പെരിങ്ങൽകുത്ത്, പെമ്പുടി, നേര്യമംഗലം, മൂന്നാർ, ആനയിറങ്ങൽ, കല്ലാർ ഡിവിഷൻ, ഇരട്ടയാർ, മലങ്കര, മണിയാർ, പമ്പ തുടങ്ങി വന്യജീവി സങ്കേതങ്ങളുമായി ബന്ധമില്ലാത്ത 13 റിസർവ്വോയറുകളിൽ 68.84 ലക്ഷം ഇന്ത്യൻ മേജർ കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. കൂടാതെ വന്യജീവി സങ്കേതങ്ങളിൽ സ്ഥിതി ചെയ്യുന്ന റിസർവോയറുകളായ പീച്ചി, വാഴാനി എന്നിവിടങ്ങളിൽ തദ്ദേശീയ വിഭാഗത്തിപ്പെട്ട 4.30 ലക്ഷം മത്സ്യകുഞ്ഞുങ്ങളെയും നിക്ഷേപിച്ചു.
- ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 217 ലക്ഷം രൂപയുടെ 291 ലക്ഷം കാർപ്പ്, കാര ചെമ്മീൻ, നാരൻ ചെമ്മീൻ, ആറ്റ്കൊഞ്ച് തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ 14 ജില്ലകളിലെ 80 ഇടങ്ങളിലായി നിക്ഷേപിച്ചു.

* National Adaptation fund for climate change ൽ ഉൾപ്പെടുത്തി കൈപ്പാട് പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ നെൽകൃഷി പദ്ധതിക്ക് 25 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതുപ്രകാരം 600 ഹെക്ടർ പൊക്കാളി കൈപ്പാട് നീർത്തട പ്രദേശങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും സംയോജിപ്പിച്ചുകൊണ്ട് മത്സ്യകൃഷി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കേരളത്തിൽ കണ്ണൂരിൽ കൈപ്പാട് 300 ഹെക്ടർ, എറണാകുളം പൊക്കാളി നിലങ്ങളിൽ 100 ഹെക്ടർ, തൃശൂർ 100 ഹെക്ടർ, ആലപ്പുഴ 100 ഹെക്ടർ എന്നിങ്ങനെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനായി ഇതുവരെ 18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

| ജില്ല | ടാർജറ്റ് (ഹെക്ടർ) | മത്സ്യകൃഷി നടത്തുന്ന ഏരിയ (ഹെക്ടർ) | വാർഷിക ഉത്പാദനം | |
|---|---|---|---|---|
| | | | നെല്ല് (ടൺ) | മത്സ്യ/ചെമ്മീൻ (ടൺ) |
| ആലപ്പുഴ | 165 | 150 | 180 | 150 |
| എറണാകുളം | 165 | 155 | 210 | 139 |
| തൃശ്ശൂർ | 165 | 155 | 260 | 132 |
| കണ്ണൂർ | 105 | 85 | 60 | 44 |
| ആകെ | 600 | 545 | 710 | 465 |

* RKI പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിൽ 320 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കൂടുകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.
* PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയുടെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം എന്ന നൂതന മത്സ്യകൃഷി രീതികളും, ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂടിലെ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.
* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 1367.8828 ഹെക്ടർ വിസ്തൃതിയുള്ള പൊതുകുളങ്ങളിൽ മത്സ്യകുഞ്ഞു നിക്ഷേപം നടത്തിയിട്ടുണ്ട്.

ഇപ്രകാരം വിവിധ ഉൾനാടൻ മത്സ്യ വികസന പദ്ധതികളിലൂടെ 2016-17 സാമ്പത്തിക വർഷത്തെ 1.88 ലക്ഷം മെട്രിക് ടൺ മത്സ്യോല്പാദനം 2.0543 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും ഉൾനാടൻ മത്സ്യമേഖല കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഒരു ഉത്തേജനമായി വർത്തിക്കുകയും ചെയ്യുന്നു.

## 2016-17 മുതൽ 2020-21 വരെയുള്ള മത്സ്യ / ചെമ്മീൻ വിത്തുല്പാദനത്തിന്റെ വിശദാംശങ്ങൾ

| വർഷം | ചെമ്മീൻ (ലക്ഷത്തിൽ) | മത്സ്യം (ലക്ഷത്തിൽ ) |
|---|---|---|
| 2016-17 | 1145.65 | 218.32 |
| 2017-18 | 1005.33 | 243.18 |
| 2018-19 | 807.70 | 373.90 |
| 2019-20 | 929.23 | 493.62 |
| 2020-21 | 956.60 | 345.85 |
| | **4844.51** | **1674.87** |

## 2016-17 മുതൽ 2020-21 വരെയുള്ള ഉൾനാടൻ മത്സ്യോല്പാദനത്തിന്റെ വിശദാംശങ്ങൾ

| വർഷം | മത്സ്യകൃഷി (ടൺ) | മത്സ്യബന്ധനം (ടൺ) | ആകെ (ടൺ) |
|---|---|---|---|
| 2016-17 | 28476 | 159654 | 188130 |
| 2017-18 | 24198 | 164883 | 189081 |
| 2018-19 | 24511 | 167516 | 192027 |
| 2019-20 | 25087 | 180343 | 205430 |
| 2020-21 | കണക്കാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. | | |
| | **102272** | **672396** | **774668** |

സെക്ഷൻ ഓഫീസർ